LIBRARY ARCHIVES Kerala Legislative Assembly

ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്നും മരണപ്പെട്ടവരുടെ വിവരങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെയും ശേഖരിച്ച് പട്ടികയിൽനിന്നും ഒഴിവാക്കിവരുന്നു. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു.

മായം കലർന്ന മത്സ്യത്തിന്റെ വിപണനം തടയാൻ നടപടി

105 (116) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും രാസവസ്തുക്കൾ കലർന്നതും പഴകിയതുമായ ടൺ കണക്കിന് മത്സ്യം കേരളത്തിലെ മാർക്കറ്റുകളിൽ എത്തിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അന്യസംസ്ഥാനങ്ങളിൽനിന്നും രാസവസ്തുക്കൾ കലർന്നതും പഴകിയതുമായ മത്സ്യം സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരാൻ ശ്രമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മായം ചേർന്ന ഇത്തരം മത്സ്യം ഭക്ഷിക്കുന്നതുമൂലം ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടാകുമെന്ന് ആരോഗ്യവിദഗ്ധർ ചൂണ്ടിക്കാണിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എങ്കിൽ ഇത്തരം മത്സ്യത്തിന്റെ വിപണനം തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഗുണനിലവാരമുള്ളതും രാസവസ്തുക്കൾ ചേർക്കാത്തതുമായ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കിയ പ്രത്യേക പദ്ധതിയാണ് 'ഓപ്പറേഷൻ സാഗർറാണി' ഇക്കാര്യത്തിൽ ഫിഷറീസ് വകുപ്പിന്റെ സഹായം ലഭിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ ഹാർബറുകളിലും മത്സ്യ മൊത്തവിപണന കേന്ദ്രങ്ങളിലും മത്സ്യ മാർക്കറ്റുകളിലും പരിശോധന നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അന്യസംസ്ഥാനത്തുനിന്ന് കൊണ്ടുവരുന്ന മത്സ്യം പരിശോധിക്കുന്നതിനായി ചെക്ക്പോസ്റ്റുകൾ, മത്സ്യ ലേല മാർക്കറ്റുകൾ, മത്സ്യമൊത്ത വിൽപ്പന കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് സ്ഥിരമായി ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധനകൾ നടത്തിവരുന്നു. പ്രസ്തുത പരിശോധനകളിൽ രാസപദാർത്ഥങ്ങൾ കലർന്നതോ പഴക്കം ചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്കുതന്നെ തിരിച്ച് അയയ്ക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്. കോവിഡ്-19 ഒന്നാം തരംഗത്തിൽ ചെക്ക്പോസ്റ്റുകൾ, മത്സ്യ മാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് സംസ്ഥാനത്തൊട്ടാകെ നടത്തിയ പരിശോധനകളിൽ 21 മെട്രിക് ടൺ കേടായ മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്. Central Institute of Fisheries Technology (CIFT) വികസിപ്പിച്ചെടുത്തതും Food Safety & Standards Authority of India (FSSAI) അംഗീകാരമുള്ളതുമായ ഫോർമാലിൻ/അമോണിയ ഡിറ്റെക്ഷൻ കിറ്റ് ഉപയോഗിച്ച് മത്സ്യമാർക്കറ്റുകളിൽ തൽസമയ പരിശോധനകൾ നടത്തിവരുന്നുണ്ട്. കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം നിരന്തര പരിശോധനകൾ നടത്തി വരുന്നതിനാൽ മത്സ്യത്തിൽ മായം ചേർക്കുന്നത് ഒരു പരിധിവരെ തടയാൻ സാധിക്കുന്നുണ്ട്.

റേഷൻകാർഡ് തരംമാറ്റം-അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ

106 (117) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹതയുണ്ടായിട്ടും റേഷൻകാർഡ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടാത്തതിനാൽ റേഷൻ ആനുകൂല്യങ്ങൾ പാവപ്പെട്ടവർക്ക് ലഭ്യമാകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻഗണനാ വിഭാഗത്തിലേയ്ക്ക് കാർഡുകൾ മാറ്റുന്നതിന് ലഭിച്ച അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

&

(സി) അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി നിശ്ചയിച്ചിരിക്കുന്നത് 15480040